^

## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 612 | 07-01-2014 ലെ മറുപടിയ്ക്ക്

## നികുതി നികുതിയിതര വരുമാനം വർധിപ്പിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.ദാസൻ : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) നികുതി നികുതിയിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ലഭിച്ച നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കാമോ ; | എ) | 2013 ഒക്ടോബറിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സമിതി എല്ലാ റവന്യൂ റിക്കവറി നടപടികളിന്മേലുള്ള സ്റ്റേ ഒഴിവാക്കുന്നതിനുവേണ്ട നടപടി പരിഗണിച്ചു. സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി എല്ലാത്തരം വരവിനങ്ങളിന്മേലുള്ള കുടിശ്ശികകൾ അടിയന്തിരമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികളും അധിക വരുമാന വർദ്ധനവിനുള്ള മാർഗ്ഗങ്ങളും സമിതി പരിഗണിച്ചു. റവന്യൂ റിക്കവറി നടപടികളിന്മേലുള്ള സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനും എല്ലാവിധ കുടിശ്ശികകളും പിരിച്ചെടുക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. ഇതിനു പുറമെ വാണിജ്യനികുതി, റവന്യൂ, രജിസ്ട്രേഷൻ, വനം, മോട്ടോർ വാഹന വകുപ്പുകളുമായി ബന്ധപ്പെട്ട അധിക ധനാഗമ മാർഗ്ഗങ്ങളും മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. ഈ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് റവന്യൂ കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനും നിരുപാധിക സ്റ്റേ ഉത്തരവുകൾ റദ്ദ് ചെയ്യാനും ഭാവിയിൽ നിരുപാധിക സ്റ്റേ അനുവദിക്കാതിരിക്കാനും അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ടു കൊണ്ട് കോടതിയിലുള്ള സ്റ്റേ |

ഒഴിവാക്കുന്നതിനുള്ള നടപടി കൈക്കൊള്ളാനും എല്ലാ വകുപ്പുതല അപ്പലേറ്റ് അധികാരികളും 3 മാസത്തിനുള്ളിൽ അവർ അനുവദിച്ച സ്റ്റേ തീർപ്പാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിന് കീഴിൽ ചിട്ടി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഫീസ് നിരക്കുകൾ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിലെ ചില സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി സർക്കാരിന്റെ പരിഗണനയ്ക്ക് വന്നിട്ടുള്ള നിർദ്ദേശങ്ങൾ അനുബന്ധം I, II & III ആയി ചേർത്തിട്ടുണ്ട്.

ബി) പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ ചീഫ് സെക്രട്ടറി ചെയർമാനായ സമിതിയുടെ ശുപാർശയുള്ളവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

ബി) മന്ത്രിസഭാ തീരുമാനത്തിനായി സമർപ്പിച്ചിട്ടുള്ള 10 നിർദ്ദേശങ്ങളിൽ ചീഫ് സെക്രട്ടറി ചെയർമാനായ സമിതി 5 നിർദ്ദേശങ്ങളിൽ ശുപാർശ നടത്തിയിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ അനുബന്ധം IV ആയി ചേർത്തിട്ടുണ്ട്.

സി) പ്രസ്തുത നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവുകളുടെ ഓരോ പകർപ്പ് ലഭ്യമാക്കാമോ ?

സി) മന്ത്രിസഭാ തീരുമാനത്തിനുശേഷം മാത്രമേ ഇക്കാര്യത്തിൽ ഉത്തരവുകൾ പുറപ്പെടുവിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്